മാർ നിയമസഭാചോദ്യങ്ങൾവഴിയായും നിവേദനങ്ങൾമുഖേനയും സർക്കാരി നോടാവശ്യപ്പെട്ടതായി ഓർക്കുന്നുണ്ടോ;

(ബി) പറവൂർ താലൂക്ക് ഫുഡ് പ്രൊഡക്ഷൻ കമ്മിറ്റി പ്രസ്തുത പണി അംഗീകരിച്ച് ഗവൺമെന്റിലേക്ക് ശുപാർശ ചെയ്തതായി അറിയാമോ?

പൊതുമരാമത്തും, ഗതാഗതവും, കൃഷിയുംവകുപ്പ് മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്) : (എ) ഉണ്ട്.

(ബി) അറിയാം. ഈ പണി ഫുഡ് പ്രൊഡക്ഷൻബോർഡ് അനുവദിച്ചിട്ടുള്ളതും priority അനുസരിച്ച് ജോലി ആരംഭിക്കുന്നതുമാണ്.

ഇടക്കൊച്ചി ബസ്സ്സ്റ്റാന്റിലെ അസൌകര്യം

*൧൧൯൬. (൩൦) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മരാമത്തുവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) എറണാകുളം, കൊല്ലം, പാലാരിവട്ടം, കോട്ടയം, പെരുമ്പാവൂർ, എന്നീ സ്ഥലങ്ങളിലേക്ക് അതിരാവിലെ ഇടവിട്ട് പുറപ്പെടുന്നതും മറ്റുമായ പല ബസ്സുകളുടേയും കേന്ദ്രമായ ഇടക്കൊച്ചിയിൽ വിശ്രമസ്ഥലമോ, മലമൂത്രവിസർജ്ജനാദികർമ്മങ്ങൾക്കുള്ള കെട്ടിടമോ ഇല്ലാത്തതുനിമിത്തം സ്ത്രീപുരുഷന്മാരടങ്ങിയ അനേകം യാത്രക്കാർ വളരെ കഷ്ടപ്പെടുന്നതെന്നുള്ള സംഗതി സർക്കാരിനറിയാമോ;

(ബി) കഴിഞ്ഞ നിയമസഭായോഗത്തിൽ ഈ സംബന്ധിച്ച് ഉന്നയിക്കപ്പെട്ട ഒരു ചോദ്യത്തിനു ഉത്തരമായി ബഹുമാനപ്പെട്ട മന്ത്രി, വേണ്ട കെട്ടിടങ്ങൾ ഉടനടി ഉണ്ടാക്കുവാൻ എസ്റ്റിമേറ്റ് ചെയ്യുന്നതാണെന്നു പറയുകയുണ്ടായില്ലേ?

(സി) ഇനിയെങ്കിലും ഈ അടിയന്തിരാവശ്യം സാധിക്കുന്നതിൽ വേണ്ട നടപടി എടുക്കുമോ?

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള) : (എ) ഇപ്പോൾ ഇടക്കൊച്ചി ബസ്സ്സ്റ്റാന്റിൽ ഒരു താൽക്കാലിക ഷെഡ്ഡുണ്ട്. എന്നാലും യാത്രക്കാർക്ക് സൌകര്യക്കുറവുണ്ടെന്നു താങ്കളിനു അറിയാം.

(ബി) വേണ്ട നടപടി എടുക്കുന്നതിനു ശ്രമിക്കാം എന്നു പറയുകയുണ്ടായിട്ടുണ്ട്.

(സി) സമീപമായ കെട്ടിടങ്ങൾ പണിയുവാൻ വേണ്ട നടപടി എടുക്കുന്നുണ്ട്.

CONSTRUCTION OF A BRIDGE

*1196. [30] Sri. Paul Thaliath: Will the Hon'ble Minister for Public Works be pleased to state:

(a) whether the Government have sanctioned the estimate for the construction of a bridge on the Puthenvalikara Poya Road;

(b) if the answer to (a) is in the affirmative when this work will be undertaken; and

(c) if the answer to (a) is in the negative the reasons for the delay in spite of the provision in the Budget.

Minister for Public Works, Communications and Agriculture (Sri. E. John Philipose):

(a) Yes.

LIBRARY ARCHIVES Kerala Legislative Assembly